# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 161

30.11.2015-ൽ മറുപടിക്ക്

## പാർപ്പിടം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, ടി.എൻ. പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;<br><br>(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ)<br>(ബി)<br>(സി) സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ കുടുംബങ്ങൾക്കുവേണ്ടി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂരഹിതരും അല്ലാത്തവരുമായ ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിലുള്ള കുടുംബങ്ങൾക്കുമായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പ്രത്യേക പദ്ധതിയും 2015-2016 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഭവനരഹിതരും താഴ്ന്ന വരുമാനക്കാരുമായ കേരളത്തിലെ എല്ലാവർക്കും 3 വർഷത്തിനുള്ളിൽ 1.72 ലക്ഷം വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാനാണ് ഈ പദ്ധതികളിലൂടെ ഉദ്ദേശിക്കുന്നത്. ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എംപവേർഡ് കമ്മിറ്റി യോഗം ചേരുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ